

# ഖുർആൻ ബോധനം



എ.വൈ.ആർ

സൂറ-19

# മർയം

وَٱذۡكُرۡ فِي ٱلۡكِتَٰبِ مُوسَىٰٓۚ إِنَّهُۥ كَانَ مُخۡلَصٗا وَكَانَ رَسُولٗا نَّبِيّٗا ٥١

**51.** ഈ വേദത്തിൽ മൂസാ ചരിതവും കീർത്തിക്കുക. അദ്ദേഹം കടഞ്ഞെടുക്കപ്പെട്ടവനായിരുന്നു. പ്രവാചകനായ ദൈവദൂതനുമായിരുന്നു.

وَنَٰدَيۡنَٰهُ مِن جَانِبِ ٱلطُّورِ ٱلۡأَيۡمَنِ وَقَرَّبۡنَٰهُ نَجِيّٗا ٥٢

**52.** നാം അദ്ദേഹത്തെ ത്വൂർമലയുടെ വലതുവശത്തു നിന്ന് വിളിച്ച് രഹസ്യഭാഷണത്തിലൂടെ സാമീപ്യമരുളുകയുണ്ടായി.

وَوَهَبۡنَا لَهُۥ مِن رَّحۡمَتِنَآ أَخَاهُ هَٰرُونَ نَبِيّٗا ٥٣

**53.** നമ്മുടെ കാരുണ്യത്താൽ സഹോദരൻ ഹാറൂനിനെ അദ്ദേഹത്തിനു സഹപ്രവാചകനായി സമ്മാനിക്കുകയും ചെയ്തു.

وَٱذۡكُرۡ فِي ٱلۡكِتَٰبِ إِسۡمَٰعِيلَۚ إِنَّهُۥ كَانَ صَادِقَ ٱلۡوَعۡدِ وَكَانَ رَسُولٗا نَّبِيّٗا ٥٤

**54.** ഇസ്മാഈൽ ചരിതവും ഈ വേദത്തിൽ കീർത്തിക്കുക. അദ്ദേഹം സത്യസന്ധനായ വാഗ്ദത്തപാലകനായിരുന്നു. പ്രവാചകനായ ദൈവദൂതനുമായിരുന്നു.

وَكَانَ يَأۡمُرُ أَهۡلَهُۥ بِٱلصَّلَوٰةِ وَٱلزَّكَوٰةِ وَكَانَ عِندَ رَبِّهِۦ مَرۡضِيّٗا ٥٥

**55.** ഇസ്മാഈൽ സ്വജനത്തോട് നമസ്കാരവും സകാത്തും കൽപ്പിച്ചിരുന്നു. തന്റെ നാഥങ്കൽ ഏറെ പ്രീതിപ്പെട്ടവനാണദ്ദേഹം.

وَٱذۡكُرۡ فِي ٱلۡكِتَٰبِ مُوسَىٰٓ = ഈ വേദത്തിൽ മൂസാ(യുടെ ചരിതവും)യെയും കീർത്തിക്കുക

إِنَّهُۥ كَانَ مُخۡلَصٗا = തീർച്ചയായും അദ്ദേഹം കടഞ്ഞെടുക്കപ്പെട്ടവൻ, തനിപ്പിക്കപ്പെട്ടവൻ ആയിരുന്നു

وَكَانَ رَسُولٗا نَّبِيّٗا = പ്രവാചകനായ(ദൈവ)ദൂതനുമായിരുന്നു وَنَٰدَيۡنَٰهُ = നാം അദ്ദേഹത്തെ വിളിച്ചു مِن جَانِبِ = വശത്തുനിന്ന്

ٱلطُّورِ = ത്വൂറിന്റെ(ർ മലയുടെ) ٱلۡأَيۡمَنِ = വലത് وَقَرَّبۡنَٰهُ = നാം അദ്ദേഹത്തെ അടുപ്പിച്ചു(സാമീപ്യമരുളുകയുണ്ടായി)

نَجِيّٗا = രഹസ്യഭാഷകനായിട്ട് (രഹസ്യഭാഷണത്തിലൂടെ) وَوَهَبۡنَا لَهُۥ = നാം അദ്ദേഹത്തിനു സമ്മാനിക്കുകയും ചെയ്തു

مِن رَّحۡمَتِنَآ = നമ്മുടെ കാരുണ്യത്താൽ أَخَاهُ = അദ്ദേഹത്തിന്റെ സഹോദരനെ(രനായ) هَٰرُونَ = ഹാറൂനിനെ

نَبِيّٗا = (സഹ)പ്രവാചകനായിട്ട്

وَٱذْكُرْ فِى ٱلْكِتَٰبِ إِسْمَٰعِيلَ = ഈ വേദത്തിൽ ഇസ്മാഈലി(ന്റെ ചരിതവും)നെയും കീർത്തിക്കുക

إِنَّهُۥ كَانَ = തീർച്ചയായും അദ്ദേഹം ആയിരുന്നു

صَادِقَ ٱلْوَعْدِ = വാഗ്ദാനത്തിന്റെ സത്യസന്ധൻ (സത്യസന്ധനായ വാഗ്ദാന പാലകൻ)

وَكَانَ رَسُولًا نَّبِيًّا = അദ്ദേഹം പ്രവാചകനായ (ദൈവ)ദൂതനുമായിരുന്നു وَكَانَ يَأْمُرُ = അദ്ദേഹം കൽപ്പിക്കാറുണ്ടായിരുന്നു

أَهْلَهُۥ = സ്വകുടുംബ(ജന)ത്തോട് بِٱلصَّلَوٰةِ = നമസ്കാരം وَٱلزَّكَوٰةِ = സകാത്തും

وَكَانَ عِندَ رَبِّهِۦ = അദ്ദേഹം തന്റെ വിധാതാവിങ്കൽ ആയി(ആകുന്നു) مَرْضِيًّا = പ്രീതിപ്പെട്ടവൻ

**51–53.** ഇബ്റാഹീം നബിയെയും പുത്രൻ ഇസ്ഹാഖിനെയും പൗത്രൻ യഅ്ഖൂബിനെയും(അ) അനുസ്മരിച്ച ശേഷം ആ വംശപരമ്പരയിലെ ഏറ്റം പ്രമുഖനായ പ്രവാചകൻ മൂസാ(അ)യെ അനുസ്മരിക്കുകയാണ്. ഈജിപ്തിൽ ഖിബ്തി വർഗത്തിന്റെ അടിമത്വത്തിലമർന്ന് സാംസ്കാരികമായും സാമൂഹികമായും അധഃസ്ഥിതരായ ഇസ്റാഈല്യരിൽനിന്ന് അല്ലാഹു തന്റെ ദൗത്യത്തിനായി കറകളഞ്ഞെടുത്ത വ്യക്തിത്വമായിരുന്നു മൂസാ. مخلصا എന്ന പദത്തിന് مخلصا എന്നും പാഠമുണ്ട്. ആദ്യത്തേത് കർമപദവും രണ്ടാമത്തേത് കർതൃപദവുമാണ്. നിഷ്കളങ്കത, തനിമ, ആത്മാർഥത, നിസ്വാർഥത തുടങ്ങിയ ആശയങ്ങൾ വഹിക്കുന്ന اخلاص ആണ് മൂലപദം. ഇസ്ലാമിന്റെ പ്രധാനപ്പെട്ട മൂല്യങ്ങളിലൊന്നാണ് اخلاص. ആദർശ വിശ്വാസങ്ങളും കർമങ്ങളും കാപട്യത്തിൽനിന്നും സ്വാർഥതയിൽനിന്നും മുക്തമായിരിക്കുക എന്നതാണതിന്റെ താൽപര്യം. അല്ലാഹുവിനെ ആരാധിക്കുന്നത് പ്രതിബദ്ധതയും വിധേയത്വവും അവന്നുമാത്രം അർപ്പിച്ചുകൊണ്ടായിരിക്കണമെന്ന് ഖുർആൻ ആവർത്തിച്ചനുശാസിക്കുന്നുണ്ട്.

وَمَآ أُمِرُوٓا۟ إِلَّا لِيَعْبُدُوا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ

(വിധേയത്വം അല്ലാഹുവിന്നു മാത്രമാക്കിക്കൊണ്ട് അവന്ന് ഇബാദത്തു ചെയ്യാൻ മാത്രമാകുന്നു അവർ കൽപിക്കപ്പെട്ടിരുന്നത്–98:5).

قُلْ إِنِّىٓ أُمِرْتُ أَنْ أَعْبُدَ ٱللَّهَ مُخْلِصًا لَّهُ ٱلدِّينَ

(പ്രവാചകൻ പറയുക: വിധേയത്വം അല്ലാഹുവിന്നു മാത്രമാക്കിക്കൊണ്ട് അവന്ന് ഇബാദത്തു ചെയ്യാൻ ഞാൻ കൽപ്പിക്കപ്പെട്ടിരിക്കുന്നു–39:11).

إِنَّآ أَنزَلْنَآ إِلَيْكَ ٱلْكِتَٰبَ بِٱلْحَقِّ فَٱعْبُدِ ٱللَّهَ مُخْلِصًا لَّهُ ٱلدِّينَ

(പ്രവാചകാ, നാം നിനക്ക് സത്യസന്ദേശവുമായി ഈ വേദം അവതരിപ്പിച്ചു തന്നിരിക്കുന്നു. ആകയാൽ, വിധേയത്വം അല്ലാഹുവിന്നു മാത്രമാക്കിക്കൊണ്ട് അവന്ന് ഇബാദത്ത് ചെയ്യണം–39:2). മനുഷ്യന്ന് ചെകുത്താന്റെ വഞ്ചനയിൽനിന്ന് രക്ഷപ്പെടാനുള്ള ഉപാധിയാണ് إخلاص. പ്രതിബദ്ധതയും വിധേയത്വവും അല്ലാഹുവിൽ അർപ്പിക്കാത്തവരെ–إخلاص ഇല്ലാത്തവരെ–യാണ് താൻ വഴിപിഴപ്പിക്കുകയെന്ന് ചെകുത്താൻ തന്നെ പറയുന്നതായി ഖുർആൻ ഉദ്ധരിക്കുന്നു:

قَالَ فَبِعِزَّتِكَ لَأُغْوِيَنَّهُمْ أَجْمَعِينَ ﴿٨٢﴾ إِلَّا عِبَادَكَ مِنْهُمُ ٱلْمُخْلَصِينَ ﴿٨٣﴾

(അവൻ പറഞ്ഞു: നിന്റെ പ്രതാപമാണ, അവരെയെല്ലാവരെയും ഞാൻ വഴിപിഴപ്പിക്കും–അവരിൽ, നിന്റെ നിഷ്കളങ്കരായ ദാസന്മാരെയൊഴിച്ച്–38:82, 83). പ്രകൃത വചനത്തിൽ കൂടുതൽ പ്രചുരമായ–مخلص (നിഷ്കളങ്കനാക്കപ്പെട്ടവൻ) എന്ന പാഠം സ്വീകരിക്കുമ്പോൾ, അടിമത്തം കൊണ്ടും അധഃസ്ഥിതി കൊണ്ടും മലിനമായ സാമൂഹിക ചുറ്റുപാടിൽനിന്നെല്ലാം ശുദ്ധീകരിച്ച് അല്ലാഹു തന്റെ ദൗത്യത്തിന് പ്രത്യേകം തെരഞ്ഞെടുത്തവൻ എന്നാണ് താൽപര്യം. مخلصا എന്ന പാഠമനുസരിച്ച് മൂസാ(അ) ആത്മീയവും ഭൗതികവുമായ എല്ലാ കുറവുകളിൽനിന്നും മുക്തനായിരുന്നു എന്നും. സാരാംശത്തിൽ രണ്ടും ഒന്നുതന്നെയാണ്. ശൈശവം മുതൽ യൗവനം വരെ ഫറവോന്റെ കൊട്ടാരത്തിൽ പരിപാലിക്കപ്പെട്ട് അടിമത്തത്തിന്റെ അപകർഷമേശാത്ത രജോഗുണങ്ങൾ വളർത്തിയതും അനന്തരം കുറെ വർഷങ്ങൾ മിദ്യാൻ പ്രവാചകന്റെ ആശ്രിതനാക്കിക്കൊണ്ട്, ആത്മീയ ഗുണങ്ങൾ പോഷിപ്പിച്ചതും അതിനുശേഷം അല്ലാഹു ഒരു പ്രത്യേക സ്ഥലത്തേക്ക് വിളിച്ചുവരുത്തി തന്റെ സാന്നിദ്ധ്യം അനുഭവിപ്പിച്ചതും സംഭാഷണം നടത്തിയതുമെല്ലാം ഈ കറകളഞ്ഞുള്ള കടഞ്ഞെടുക്കലിന്റെ പ്രക്രിയകളായി കാണാവുന്നതാണ്.

അല്ലാഹുവിൽനിന്ന് വെളിപാട്(വഹ്യ്) ലഭിക്കുന്നവരാണ് പ്രവാചകന്മാർ. വെളിപാടിൽ സ്വതന്ത്രമായ ശരീഅത്തും(ധർമവ്യവസ്ഥ) ചിലപ്പോൾ വേദവും കൂടി നൽകപ്പെടുന്നുണ്ടെങ്കിൽ അവർ റസൂൽ(ദൈവദൂതന്മാർ) എന്നു വിളിക്കപ്പെടുന്നു. ഈ നിലക്ക് എല്ലാ റസൂലുകളും നബിമാരായിരിക്കും. എല്ലാ നബിമാരും റസൂലുകളായിരിക്കില്ല. നബി സാമാന്യവും റസൂൽ സവിശേഷവുമാകുന്നു. സാമാന്യത്തെയും സവിശേഷത്തെയും കൂടിച്ചേർത്തുകൊണ്ടാണ് ഇവിടെ പ്രവാചകനായ ദൈവദൂതൻ–رَسُولًا نَّبِيًّا എന്നു പറഞ്ഞിരിക്കുന്നത്. ചില പണ്ഡിതന്മാർ വ്യത്യസ്തമായ അർഥങ്ങളും നൽകിയിട്ടുണ്ട്. നബിയ്യിന്റെ മൂലപദം 'നുബുവ്വ്' (ഉന്നതി) ആണ്. ഉന്നത സ്ഥാനീയനായ ദൈവദൂതനാണ് 'റസൂലുൻ നബിയ്യ്.' മൂലപദം നബിഅ് (സരണി) എന്നാകുമ്പോൾ അല്ലാഹുവിങ്കലേക്കെത്താനുള്ള സരണിയായ ദൈവദൂതനാണ് റസൂലുൻ നബിയ്യ് എന്നും

അർഥമാകുന്നു.

നബിയെയും റസൂലിനെയും ഖുർആൻ പലേടത്തും പര്യായപദങ്ങളെന്നോണമാണ് ഉപയോഗിച്ചിട്ടുള്ളത്. ചിലേടത്ത് ഇവക്ക് വ്യത്യസ്ത അർഥങ്ങളുള്ളതായി സൂചനയും കാണാം. ഉദാ:- സൂറഃ ഹജ്ജ് 7-ാം സൂക്തത്തിൽ പറയുന്നു:

وَمَآ أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ وَلَا نَبِيٍّ إِلَّآ إِذَا تَمَنَّىٰٓ أَلْقَى ٱلشَّيْطَٰنُ فِىٓ أُمْنِيَّتِهِۦ

(നിനക്കുമുമ്പ് നാം ഒരു റസൂലിനെയോ നബിയെയോ അയച്ചിട്ടില്ല-അദ്ദേഹം ആഗ്രഹിക്കുമ്പോൾ ആ ആഗ്രഹത്തിൽ ചെകുത്താൻ ഇടപെടാൻ ശ്രമിച്ചിട്ടല്ലാതെ). ഇതോടൊപ്പം, റസൂലുകളുടെ എണ്ണം 313 ആണെന്നും അമ്പിയാക്കളുടെ എണ്ണം 124000 ആണെന്നും പറയുന്ന ഹദീസ് കൂടി പരിഗണിച്ചുകൊണ്ട് സാമാന്യ പ്രവാചകനെക്കാൾ അധികമായി ചില ഗുണങ്ങളുള്ള സവിശേഷ പ്രവാചകനാണ് റസൂൽ എന്ന് പണ്ഡിതന്മാർ നിർദ്ധാരണം ചെയ്തിരിക്കുന്നു.

അല്ലാഹു മൂസാ(അ)യെ വിളിച്ചത് അദ്ദേഹം ത്വൂർമലയുടെ തെക്കേ ചെരുവിലൂടെ സഞ്ചരിക്കുമ്പോഴായിരുന്നു. അദ്ദേഹം മലയെ നോക്കുമ്പോൾ കണ്ട അതിന്റെ വലതു വശമാണ് ഇവിടെ പറയുന്നത്. വലതുവശം മലയുടെ കിഴക്കുഭാഗമായിരിക്കുമല്ലോ. قَرَّبْنَٰهُ എന്ന മൂലവാക്കിനെയാണ് സാമീപ്യമരുളി എന്ന് തർജമ ചെയ്തിട്ടുള്ളത്. പദത്തിന്റെ ഭാഷാർഥമാണിത്. സദ്കർമങ്ങൾ മനുഷ്യനെ അല്ലാഹുവിലേക്കടുപ്പിക്കുന്നു എന്ന ആശയത്തെ ആസ്പദമാക്കി എല്ലാ പുണ്യകാര്യത്തിനും قربة എന്നും പുണ്യവാനെ مُقَرَّب എന്നും പറയും. പുണ്യകർമങ്ങളിൽ പ്രധാനമായ ബലികർമത്തിന് قربان എന്നു പറയുന്നു. അല്ലാഹു അടുപ്പിച്ചു-قرّبه الله-എന്ന വാക്ക് അല്ലാഹു ആദരിച്ചു, അനുഗ്രഹിച്ചു, പ്രത്യേകം പരിഗണിച്ചു തുടങ്ങിയ ആശയങ്ങളെ ഉൾക്കൊള്ളുന്നു. مناجيا എന്ന വാക്കിന്റെ മറ്റൊരു രൂപമാണ് نجيا. ഇടയാളന്മാരില്ലാതെ നേരിട്ട് നടത്തുന്ന സ്വകാര്യ സംഭാഷണ (نجوي) ത്തിന്റെ കർതൃരൂപമാണിത്.

പുരസ്കാരം, സമ്മാനം, സംഭാവന, പാരിതോഷികം എന്നൊക്കെ അർഥമുള്ള هبة ൽ നിന്നുള്ള ക്രിയയാണ് وهبنا. മൂസാ നബിയുടെ സഹോദരൻ ഹാറൂൻ(അ) ഒരു സ്വതന്ത്ര പ്രവാചകനായി നിയുക്തനായതല്ല. മൂസാ നബിയുടെ ജ്യേഷ്ഠ സഹോദരനാണ് ഹാറൂൻ(അ). പ്രവാചകത്വം ലഭിച്ചപ്പോൾ ആ ഭാരമേറ്റെടുക്കുന്നതിൽ മൂസാ(അ) ഉൽകണ്ഠാകുലനായി. പ്രവാചക ദൗത്യം നിർവഹിക്കാൻ വേണ്ട ജനസമ്മതിയോ വാചാലതയോ സഹനശക്തിയോ തനിക്കില്ലെന്ന് ഭയപ്പെട്ട അദ്ദേഹം ഒരു സഹായിയെ നിശ്ചയിച്ചുതരേണമെന്ന് അല്ലാഹുവിനോടപേക്ഷിച്ചു:

قَالَ رَبِّ ٱشْرَحْ لِى صَدْرِى ﴿٢٥﴾ وَيَسِّرْ لِىٓ أَمْرِى ﴿٢٦﴾ وَٱحْلُلْ عُقْدَةً مِّن لِّسَانِى ﴿٢٧﴾ يَفْقَهُوا۟ قَوْلِى ﴿٢٨﴾ وَٱجْعَل لِّى وَزِيرًا مِّنْ أَهْلِى ﴿٢٩﴾ هَٰرُونَ أَخِى ﴿٣٠﴾ ٱشْدُدْ بِهِۦٓ أَزْرِى ﴿٣١﴾ وَأَشْرِكْهُ فِىٓ أَمْرِى

(മൂസാ പ്രാർഥിച്ചു: നാഥാ എന്റെ ഹൃദയം വിശാലമാക്കിത്തരേണമേ, ദൗത്യം എളുപ്പമാക്കേണമേ, എന്റെ വാക്ക് ജനങ്ങൾക്ക് മനസ്സിലാകാൻ എന്റെ നാവിന്റെ കുരുക്കഴിച്ച് തരേണമേ, എന്റെ കുടുംബത്തിൽനിന്ന് ഒരുവനെ, എന്റെ സഹോദരൻ ഹാറൂനിനെ മന്ത്രിയായി നിശ്ചയിച്ചുതരേണമേ, അവനിലൂടെ എനിക്ക് കരുത്തു പകരേണമേ, അവനെ എന്റെ ദൗത്യത്തിൽ പങ്കാളിയാക്കേണമേ-20:25-32). 28:34 ൽ 'ഹാറൂൻ എന്നെക്കാൾ വാചാലനാണ്'- هُوَ أَفْصَحُ مِنِّى എന്നും മൂസാ(അ) ബോധിപ്പിക്കുന്നുണ്ട്. ഈ പ്രാർഥനക്കു മറുപടിയായി അല്ലാഹു അരുൾ ചെയ്തു: قَدْ أُوتِيتَ سُؤْلَكَ يَٰمُوسَىٰ (ഓ മൂസാ, നീ ചോദിച്ചത് തന്നിരിക്കുന്നു-20:36).

سَنَشُدُّ عَضُدَكَ بِأَخِيكَ وَنَجْعَلُ لَكُمَا سُلْطَٰنًا

(നാം നിന്റെ സഹോദരനിലൂടെ നിന്റെ കരം ബലിഷ്ഠമാക്കും. ഇരുവർക്കും നാം പ്രമാണം നൽകുകയും ചെയ്യും-28:35). ഇങ്ങനെ മൂസാനബിയുടെ ആവശ്യമനുസരിച്ച് അല്ലാഹു കാരുണ്യപൂർവം അദ്ദേഹത്തിനു നൽകിയ സമ്മാനമാണ് ഹാറൂൻ നബിയുടെ പ്രവാചകത്വം. പിന്നീട് ഈ സഹോദരന്മാർ സധൈര്യം ഫറവോന്റെ കൊട്ടാരത്തിൽചെന്ന് രാജാവിനെ ദൈവിക സന്മാർഗത്തിലേക്കു ക്ഷണിച്ചു. രാജാവിന്റെ ഭീഷണികളെ അചഞ്ചലരായി നേരിട്ടു. മന്ത്രവാദികളെ, മത്സരിച്ചു തോൽപ്പിച്ചു. ഒടുവിൽ ഇസ്റാഈല്യരെ ഖിബ്തികളുടെ അടിമത്വത്തിൽനിന്ന് മോചിപ്പിച്ചു. തടയാനൊരുമ്പെട്ട ഫറവോനും സൈന്യവും ചെങ്കടലിൽ മുങ്ങിയൊടുങ്ങി. ഇങ്ങനെ മൂസാ(അ) നയിച്ച ഒട്ടേറെ സംഭവങ്ങൾ ഖുർആൻ മറ്റു സ്ഥലങ്ങളിൽ വിവരിച്ചിട്ടുണ്ട്. മൂസാ നബിയെപ്പോലെ അത്രയേറെ ചരിത്രപ്രാധാന്യമുള്ള മഹാസംഭവങ്ങൾക്കു നായകത്വം വഹിച്ചവർ മുഹമ്മദ് നബിക്കു മുമ്പുള്ള പ്രവാചകന്മാരിൽ വേറെയില്ല. അതുകൊണ്ടൊക്കെയാണ് ഇബ്റാഹീം(അ)ന്ന് തൊട്ടുപിറകെ മൂസാ(അ) അനുസ്മരണീയനാകുന്നത്. ഖുർആൻ ഏറ്റവും കൂടുതൽ പരാമർശിക്കുന്ന പ്രവാചക നാമം മൂസാ(അ)യുടേതാണ്.

**54-55.** ഇനി ഇബ്റാഹീം വംശത്തിന്റെ രണ്ടാമത്തെ ശാഖയുടെ ആദി കണ്ണിയെ-ഇസ്മാഈൽ(അ)നെ അനുസ്മരിക്കുകയാണ്. അദ്ദേഹത്തിന്റെ പിന്മുറക്കാരാണ് ഖുറൈശികൾ. ഈ വംശത്തിലെ ആദ്യത്തെ റസൂൽ ഇസ്മാഈലും അവസാനത്തെ റസൂൽ മുഹമ്മദും(സ) ആകുന്നു. ഇസ്മാഈൽ നബിയെക്കുറിച്ചു പറയുന്നതിലൂടെ ഖുറൈശികളെ ഉണർത്തുകയാണ്: നിങ്ങൾ കുലപതിയും ആചാര്യനുമായി അവകാശപ്പെടുന്ന ഇസ്മാഈലിന്റെ ആദർശവും ചര്യയും എന്തായിരുന്നുവെന്ന് ആലോചിച്ചുനോക്കുക. നിങ്ങളുടേതിൽ നിന്നും എന്തുമാത്രം ഭിന്നമായിരുന്നു അത്. സ്വജീവൻ പോലും ഏകദൈവത്തിനു സമർപ്പിക്കാൻ സന്നദ്ധനായ ആ പ്രവാചകവര്യന്റെ പിന്മുറക്കാരെന്നഭിമാനിക്കുന്ന നിങ്ങൾ അദ്ദേഹം ഏകദൈവാരാധനക്കു മാത്രമായി നിർമിച്ച ദേവാലയത്തിൽ നൂറുകണക്കിൽ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ച് പൂജിക്കുന്നു. അത് കൊടിയ ദുരാചാരമാണെന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട്, ഇബ്റാഹീമും ഇസ്മാഈലും പ്രബോധനം ചെയ്ത യഥാർഥ ദൈവിക മതത്തിലേക്ക് ക്ഷണിക്കുന്ന ഖുർആനിനെ നിങ്ങൾ കഠിനമായി നിഷേധിച്ചുകൊണ്ടിരിക്കുന്നു.

إِنَّهُۥ كَانَ صَادِقَ ٱلْوَعْدِ എന്ന വാക്യത്തിലെ وعد (വാഗ്ദത്തം) സൂചിപ്പിക്കുന്നത്, അദ്ദേഹത്തെ ബലികഴിക്കാനുള്ള ദൈവകൽപ്പനയറിഞ്ഞപ്പോൾ താൻ അതിന് സന്നദ്ധനാണെന്ന് പിതാവിനു വാക്കുകൊടുത്തതാണ്. 'നിന്നെ

ബലിയറുക്കുന്നതായി എനിക്ക് സ്വപ്നദർശനമുണ്ടായിരിക്കുന്നു' എന്ന് ഇബ്റാഹീം നബി അറിയിച്ചപ്പോൾ അദ്ദേഹം യാതൊരു ചാഞ്ചല്യവുമില്ലാതെ പ്രതികരിച്ചു: 'അങ്ങ് കൽപ്പിക്കപ്പെട്ടതെന്തോ അതു നടപ്പിലാക്കിയാലും. ദൈവേഛയുണ്ടെങ്കിൽ, ഞാൻ തികഞ്ഞ സഹനശീലനും സ്ഥിരചിത്തനുമാണെന്ന് അങ്ങേക്കു കാണാം.' പിന്നീട് സ്വന്തം കഴുത്ത് പിതാവിന്റെ കഠാരക്കു കീഴെ വെച്ചുകൊടുത്തു. ആ കഠാര അദ്ദേഹത്തിന്റെ ഇളംകണ്ഠത്തിൽ തൊട്ടു തൊട്ടില്ലാ എന്നായപ്പോൾ അല്ലാഹു ഇബ്റാഹീമി(അ)ന്റെ കൈ പിടിച്ചു. 'മതി. ഉദ്ദേശ്യം പരീക്ഷണമായിരുന്നു. അതുകഴിഞ്ഞു. പിതാവും പുത്രനും ഈ പരീക്ഷയിൽ വിജയിച്ചിരിക്കുന്നു.' വാഗ്ദത്ത പാലനത്തിൽ സത്യസന്ധൻ صَادِقَ ٱلْوَعْدِ എന്ന ചെറുവാക്യം മുസ്‌ലിമിന്റെയും മുഅ്മിനിന്റെയും വ്യക്തിത്വത്തെ മുഴുവനായി പ്രകടിപ്പിക്കുന്ന വിശേഷണമാണ്. തന്റെ നാഥനുമായുള്ള വാഗ്ദാനം പാലിക്കാനും അവനോടുള്ള കൂറു തെളിയിക്കാനുമായി സ്വന്തം കഴുത്ത് അറുക്കപ്പെടുന്നതിനു പോലും അചഞ്ചലനായി അനുവദിക്കാൻ കഴിയുന്ന ദൈവദാസൻ ഈമാനിന്റെ അത്യുന്നതങ്ങളിലെത്തിയിരിക്കുന്നു. ഇബ്റാഹീമിന്റെയും ഇസ്മാഈലിന്റെയും പേരിൽ അഭിമാനം കൊള്ളുന്നവർക്കു മുമ്പിൽ അവരുടെ പാരമ്പര്യത്തിന്റെ തിളക്കമാർന്ന ഒരു കണ്ണാടി കാണിക്കുകയാണ് ഖുർആൻ.

ഇസ്മാഈൽ(അ) സ്വജനങ്ങളിൽ നമസ്കാരവും സകാത്തും കൽപ്പിച്ചിരുന്നുവെന്നതാണ് രണ്ടാമതായി ചൂണ്ടിക്കാണിക്കുന്ന കാര്യം. മൂലത്തിലെ اهل ന്ന് കുടുംബം, സ്വന്തക്കാർ, ബന്ധപ്പെട്ടവർ എന്നെല്ലാമാണർഥം. ഇമാം റാസിയുടെ വീക്ഷണത്തിൽ ഇവിടെ ഈ പദം കൊണ്ടു വിവക്ഷിക്കുന്നത് അദ്ദേഹം പ്രബോധനം ചെയ്യാൻ കടപ്പെട്ടവരാണ്. ഒരു പ്രവാചകൻ പ്രബോധനം ചെയ്യാൻ കടപ്പെട്ടവരിൽ അദ്ദേഹത്തിന്റെ സമുദായം മുഴുവൻ ഉൾപ്പെടുന്നു. ഇസ്മാഈൽ നബി നമസ്കാരവും സകാത്തും കൽപ്പിച്ചത് ഭാര്യയോടും മക്കളോടും മാത്രമല്ല, സമുദായത്തോടു മുഴുവനുമാണെന്നർഥം. اهله എന്നതിന്റെ പൂർണരൂപം أهل قريته (അദ്ദേഹത്തിന്റെ നാട്ടുകാർ) എന്നാവാം. അല്ലാഹുവിനോടുള്ള എല്ലാ ബാധ്യതകളും മനുഷ്യരോടുള്ള എല്ലാ കടമകളും ഉൾക്കൊള്ളുന്ന അനുഷ്ഠാനങ്ങളാണ് നമസ്കാരവും സകാത്തും. എല്ലാ ശരീഅത്തുകളുടെയും അടിസ്ഥാന സ്തംഭങ്ങളായിരുന്നു അവ. പ്രവാചകന്മാരൊക്കെയും വ്യത്യസ്ത രൂപത്തിലും രീതിയിലും അത് അനുശാസിച്ചിരുന്നു. ഇന്നെന്ന പോലെ പണ്ടും ഈ സ്തംഭങ്ങൾ തകരുമ്പോൾ മുഴുവൻ ശരീഅത്തും തകർന്ന് പോകുമായിരുന്നു. ദൈവദാസന്ന് ദൈവത്തോടും അവന്റെ ഇതര ദാസന്മാരോടുമുള്ള ബന്ധത്തെയാണീ സ്തംഭങ്ങൾ പ്രതിനിധാനം ചെയ്യുന്നത്.

ഇസ്മാഈൽ(അ) അല്ലാഹുവിങ്കൽ പ്രീതിപ്പെട്ടവനാകുന്നു- وَكَانَ عِندَ رَبِّهِۦ مَرْضِيًّا എന്ന വാക്യം അമൂല്യമായ ഒരംഗീകാരമാണ്. ഒരാളെ, അല്ലാഹുവിങ്കൽ പ്രീതിപ്പെട്ടവൻ എന്ന് അല്ലാഹു തന്നെ സാക്ഷ്യപ്പെടുത്തുന്നതിലുപരി അയാളുടെ മഹത്വവും വിശുദ്ധിയും പ്രകാശിപ്പിക്കുന്ന മറ്റെന്തു വർണനയാണുള്ളത്! ഒരു അടിമയുടെ ജീവിതം എപ്രകാരമായിരിക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചുവോ, തികച്ചും അപ്രകാരം തന്നെയായിരുന്നു ഇസ്മാഈലിന്റെ ജീവിതം എന്നാണതിന്റെ താൽപര്യം.

ഇബ്റാഹീമിന്റെ(അ) സീമന്തപുത്രനാണ് ഇസ്മാഈൽ(അ). ഹാജറ എന്ന ദാസിയാണ് അദ്ദേഹത്തിന്റെ മാതാവ്. ഇസ്മാഈലിന്റെ(അ) ശൈശവ കാലത്ത് ഇബ്റാഹീം അല്ലാഹുവിന്റെ നിർദേശപ്രകാരം അദ്ദേഹത്തെയും മാതാവിനെയും മക്കയിൽ കൊണ്ടുവന്നു താമസിപ്പിച്ചു. മക്ക അന്ന് നിർജനവും നിർജലവുമായ പ്രദേശമായിരുന്നു. അവർക്കായി ഒരു പാത്രം വെള്ളവും ഒരു സഞ്ചി കാരക്കയും അവിടെ വെച്ച് ഇബ്റാഹീം(അ) മക്ക വിട്ടു. ആ വെള്ളവും കാരക്കയും തീർന്നതോടെ ഹാജറ പരിഭ്രാന്തയായി. ഒഴിഞ്ഞ വയർ, വരണ്ട തൊണ്ട, പിടഞ്ഞു കരയുന്ന പിഞ്ചുപൈതൽ, ആ ആകുല മാതാവ് അവിടെയുള്ള രണ്ടു കുന്നുകളിൽ-സ്വഫാ, മർവ-മാറിമാറി ഓടിക്കയറി നോക്കി. എങ്ങും ഒരു മനുഷ്യജീവിയുമില്ല. വെള്ളവുമില്ല. താനും പൊന്നുമോനും, ആരോരുമറിയാതെ ഈ ഊഷര ഭൂമിയിൽ അവസാനിക്കുകയാണെന്നവർ ഉറപ്പിച്ചു. ആ സന്ദർഭത്തിൽ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ തെളിനീർ അവിടെ ഉറവയായി പൊട്ടിയൊഴുകി. സംസം! ലോകത്തിന്റെ നാനാദിക്കുകളിൽ നിന്നുള്ള കോടാനുകോടി തൊണ്ടകളെ ദൈവസ്നേഹത്തിന്റെയും ഭക്തിയുടെയും നനവേറ്റിക്കൊണ്ട് ആ ഉറവ ഇന്നും നിർഗളിച്ചുകൊണ്ടേയിരിക്കുന്നു. ആ ആകുല മാതാവിന്റെ, സ്വഫാ മർവയിലേക്കുള്ള ഓട്ടം മക്കയിൽ തീർഥാടനം ചെയ്യുന്ന ജനലക്ഷങ്ങൾ പുനരാവിഷ്കരിച്ചുകൊണ്ടിരിക്കുന്നു.

മക്ക സംസം കൊണ്ട് സജലമായപ്പോൾ പക്ഷികൾ അതിനു മീതെ വട്ടമിട്ടു പറന്നു. ആ വഴിക്കു വന്ന സഞ്ചാരികൾ അതുകണ്ട് സ്ഥലത്തെ ജലസാന്നിധ്യമറിഞ്ഞു. അവർ സംസമിനടുത്തുവന്നു തമ്പടിച്ചു കൊണ്ടിരുന്നു. ഇസ്മാഈൽ വളരുകയായിരുന്നു. ഇബ്റാഹീം(അ) ഇടക്കിടെ അവരെ സന്ദർശിച്ചു. മകൻ വിവേകത്തിലേക്കും കർമകൗശലത്തിലേക്കും പ്രവേശിച്ച ഘട്ടത്തിൽ പിതാവ് മക്കയിലെത്തിയപ്പോഴാണ് ബലി സംഭവമുണ്ടായത്. ബലിപുത്രൻ ഇസ്ഹാഖ് ആണെന്ന് യഹൂദർ വാദിക്കുന്നുണ്ടെങ്കിലും ഖുർആൻ മാത്രമല്ല ബൈബിളും ആ വാദത്തെ സാധൂകരിക്കുന്നില്ല. ഖുർആൻ സൂറഃ സ്വാഫ്ഫാത്തിൽ ഈ സംഭവം പറയുന്നുണ്ട്. അതേപ്പറ്റി അവിടെ വിശദീകരിക്കാം ഇൻശാ അല്ലാഹ്.

മറ്റൊരിക്കൽ മക്കയിൽ വന്നപ്പോഴാണ് ഇബ്റാഹീം (അ) മകനെയും കൂട്ടി കഅ്ബ കെട്ടിപ്പടുത്തത്. ഇസ്മാഈൽ വിവാഹിതനായി മക്കയിൽ തന്നെ താമസിച്ചു. അദ്ദേഹം 130 വർഷം ജീവിച്ചുവെന്നാണ് ചരിത്രം. മക്കയിൽ മരിച്ചു. മാതാവ് ഹാജറയുടെ ഖബ്റിനടുത്തു മറമാടപ്പെട്ടു. ഇസ്മാഈൽ നബിക്ക് 12 പുത്രന്മാരുണ്ടായെന്നും അവർ പന്ത്രണ്ടു ഗോത്രങ്ങളുടെ തലവന്മാരായെന്നും പറയപ്പെടുന്നു. ■